**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4278** **01-07-2024 - ൽ മറുപടിയ്ക്ക്**

**പൊതു കടത്തിന്റെ തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിപണിയിൽ നിന്നും കടമെടുത്തതിന് 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പലിശയിനത്തിൽ മാത്രം അടച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | പൊതുവിപണിയിൽ നിന്നുമുള്ള വായ്പകൾക്ക് 2022-23, 2023-24 സാമ്പത്തികവർഷങ്ങളിൽ പലിശയിനത്തിൽ മാത്രം അടച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവുകളിൽ എടുത്ത തുകയ്ക്ക് എത്രയാണ് പലിശനിരക്കെന്നും തിരിച്ചടവ് കാലാവധി എത്രയാണെന്നും അറിയിക്കുമോ; | (ബി) | 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പൊതു വിപണിയിൽ നിന്നും എടുത്ത വായ്പകളുടെ പലിശ നിരക്കും തിരിച്ചടവ് കാലാവധിയും വ്യത്യസ്തമാണ്. ടി വായ്പകളുടെ പലിശ നിരക്ക് 7.29% മുതൽ 7.85% വരെയും തിരിച്ചടവ് കാലാവധി 10 വർഷം മുതൽ 40 വർഷം വരെയുമാണ്. |
| (സി) | പൊതുവിപണിയിൽ നിന്നും 2016 മുതൽ ഇതുവരെ എടുത്തിട്ടുള്ള കടത്തിൽ എത്ര തുക തിരിച്ചടച്ചിട്ടുണ്ടെന്നും ഇനി എത്ര തിരിച്ചടക്കാനുണ്ടെന്നും വിശദമാക്കാമോ; | (സി) | പൊതുവിപണിയിൽ നിന്നും 2016-17 മുതൽ 2023-24 സാമ്പത്തിക വർഷം വരെ എടുത്തിട്ടുള്ള കടത്തിൽ മാർച്ച് 31, 2024 വരെ 6,636 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട്. |
| (ഡി) | 2024-25, 2025-26, 2026-27 എന്നീ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഇപ്രകാരമുള്ള തിരിച്ചടവിന്റെ ബാധ്യത എത്രയെന്ന് വെളിപ്പെടുത്തുമോ? | (ഡി) | 2016-17 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പൊതുവിപണിയിൽ നിന്നും എടുത്ത വായ്പകളുടെ മുതൽ ഇനത്തിൽ 2024-25, 2025-26, 2026-27 വർഷങ്ങളിൽ തിരിച്ചടയ്ക്കേണ്ട തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| തുക കോടിയിൽ | |
|---|---|
| വർഷം | പൊതുവിപണിയിൽ നിന്നെടുത്ത കടത്തിന്മേലുള്ള പലിശ |
| 2022-23 | 14269.28 |
| 2023-24 | 15726.67 |

## അനുബന്ധം 2

| ക്രമ നം. | സാമ്പത്തിക വർഷം | 2016-17 മുതൽ 2023-24 വരെ പൊതു വിപണിയിൽ നിന്ന് എടുത്ത വായ്പയിൽ അടുത്ത 3 വർഷം തിരിച്ചടയ്ക്കാനുള്ള തുക (കോടിയിൽ) |
|---|---|---|
| 1. | 2024-25 | 2500 |
| 2. | 2025-26 | 2300 |
| 3. | 2026-27 | 19300 |